പാപമറ

പാപത്തിന് ശാന്തി നൽകുന്ന ദൈവത്തിന് നന്ദി പറയാം. നമ്മുടെ അനുഗ്രഹത്തിന് തടസ്സമായി നിൽക്കുന്ന എല്ലാ പാപത്തിനും മോചനം ലഭിച്ച്, പാപത്തിന് മോചനം ലഭിച്ചാൽ, ആ പാപത്തിന് പരിഹാരം വരുത്തുവാൻ, ആ കേസ്സ് തീരുന്നതുവരെ മറ ലഭിക്കുവാൻ, ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടുന്ന ഭാഗ്യാവസ്ഥയിൽ, പാപപാമ്പിനെ നമ്മുടെ കൈകൊണ്ട് വലിച്ചെറിയാനുള്ള തന്റേടം കൈകൾക്കും അതിനെ ചവിട്ടുവാനുള്ള ആരോഗ്യം കാലുകൾക്കും കിട്ടുന്നതുവരെ മറ ആവശ്യമാണെന്നുള്ള ബോധത്തിൽ, ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടുന്ന ഭാഗ്യാവസ്ഥ അത്രയും കാലം തുടർന്നെങ്കിലെ, പാപത്തിന് പരിഹാരം വരികയുള്ളു. യിരെമ്യാവ് 45:5 നമ്മുടെ പ്രാണനെ അപഹരിച്ച വലിയ ഭൂതങ്ങളെ പിടിച്ച് അവയിൽ നിന്ന് നമ്മുടെ പ്രാണനെ തിരികെ തന്ന്, അത് മുഴുവൻ നമ്മുടെ ആകുന്നതുവരെ യുദ്ധം നടത്തി ജയിക്കണം. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടുന്ന ഭാഗ്യം, ആ മറ അവിടെ നിൽക്കണം. നാം പാപമോചന പ്രാർത്ഥനയ്ക്കു വരുമ്പോൾ, എന്റെ പാപം എന്നോട് ക്ഷമിക്കണമെ, ഞാൻ പാപിയാണ്. പാപം ക്ഷമിച്ചുകഴിഞ്ഞ് ഒരു മറ വയ്ക്കണമെന്നു പറയണം.

പാപമോചനം മാത്രം പോരാ, പാപമോചനത്തിന് ഒരു മറ കൂടി വേണം. അതിന് ഒരു പരിഹാരം വരുത്തുന്നതുവരെയും ഒരു മറ വേണം. ആ മറ ഇല്ലാത്തതുകൊണ്ട്, പാപമോചനത്തിനു ശേഷം, വിശുദ്ധ കുർബ്ബാന അനുഭവത്തിനുശേഷം ഉടനെ വീണ്ടും അതേ പാപം ചെയ്യിക്കും. പഴയ പാപം വീണ്ടും ആവർത്തിക്കും. ലംഘനം ക്ഷമിക്കുകയും പാപം മറയ്ക്കുകയും ചെയ്യണം. പാപപാമ്പിനെ സമുദ്രത്തിലേക്ക് വലിച്ചെറിയുന്നതുവരെ ആ മറ വേണം. ആ മറ മാറാതിരിക്കാൻ മറ മുടക്കിയെ മാററണം. മറ താങ്ങിയെ നിർത്തണം. അതിനുവേണ്ടി പ്രാർത്ഥിക്കേണം. കർത്താവേ, എന്റെ പാപം ക്ഷമിച്ചാൽ മാത്രം പോരാ, ഒരു മറ കൂടി വേണം. മറ മാത്രം പോരാ, മറയെ താങ്ങാനും ആൾ വേണം. നാം പാപിയാണെന്ന് സമ്മതിച്ചാൽ യേശു നമുക്കുവേണ്ടി ജാമ്യം നിൽക്കും. പാപിയെന്നു പറഞ്ഞ ആളുകൾക്കുവേണ്ടിയാണ് യേശു (ഞാൻ) മരിച്ചത്. അവരെ കൊല്ലരുത്. അവർക്കുവേണ്ടി യേശു (ഞാൻ) മരിച്ചിട്ടുണ്ട്. അവർ ജീവിക്കട്ടെ. അവരുടെ പാപം മറയട്ടെ. ഒരു പിശാചും അവരെ കണ്ടുപിടിക്കരുത്. കേസ്സ് തീരുന്നതുവരെ അവർക്ക് ജാമ്യം കൊടുക്കുന്നു. അങ്ങനെ അവർക്ക് യേശുവിന്റെ ജാമ്യം കിട്ടി. പാപമറ ലഭിച്ച് ദൈവത്തിന്റെ പദ്ധതിയ്ക്കായി കാത്തിരുന്നു പ്രവർത്തിക്കാം.

സങ്കീർത്തനങ്ങൾ 32:1; എഫെസ്യർ ലേഖനത്തിൽ, രണ്ടാം അദ്ധ്യായത്തിൽ, എഴുതിയിരിക്കുന്നതുപോലെ, ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടികഴിഞ്ഞാൽ, ജാമ്യം കിട്ടിയെന്നേയുള്ളു. യേശുവിന്റെ രക്തം നമുക്ക് പകരം ചൊരിഞ്ഞതുകൊണ്ട്, ജീവിച്ചിരുന്നോയെന്നു പറയും. യേശു പറയുന്നത്, ഇവർ പാപികളായതുകൊണ്ട് കൊല്ലപ്പെടേണ്ടതാണ്, പക്ഷേ ഞാൻ മരിച്ചതുകൊണ്ട്, എന്റെ രക്തം ഇവർക്കുവേണ്ടി ചൊരിഞ്ഞതുകൊണ്ട്, ഇവർ ജീവിച്ചിരിക്കട്ടെ. അപ്പോൾ നമ്മൾ പാപികൾ ആണെങ്കിലും ഇന്ന് ജീവിച്ചിരിക്കുന്നത് യേശു പാപികൾക്കുവേണ്ടി മരിച്ചതുകൊണ്ടാണ്. ഈ വിശ്വാസം നമുക്ക് വേണം. എപ്പോൾ മരണദൂതൻ നമ്മുടെ അടുത്തുവന്നാലും മരണദൂതനോട് പറയണം, എനിക്കുവേണ്ടി യേശു മരിച്ചിട്ടുണ്ട്. എന്നെ ഇപ്പോൾ കൊല്ലരുത്. എന്റെ പാപം മോചിച്ചതേയുള്ളൂ. ഇതുവരെ ആ പ്രശ്നങ്ങൾ തീർന്നിട്ടില്ല. പാപം മോചനം കിട്ടിയതേയുള്ളൂ. ശുദ്ധീകരണം ഇനിയും പൂർത്തിയാകാനുണ്ട്. പാപപരിഹാരം വന്നിട്ടില്ല. പാപപാമ്പിനെ അങ്ങോട്ട് മാററിനിർത്തിയിട്ടേയുള്ളൂ. അതിനെ മറച്ചുവച്ചിരിക്കുന്നതേയുള്ളൂ. ആ പ്രശ്നം പരിഹരിക്കുന്നതുവരെയും എനിക്ക് സംരക്ഷണം വേണം, മറ വേണം. അതുകൊണ്ട് നീ എന്നെ ഇപ്പോൾ കൊന്നാൽ എന്റെ ജീവിതം അവതാളത്തിൽ ആകും. ഞാൻ പാപിയായതിനാൽ നിനക്ക് എന്നെ കൊല്ലാൻ അവകാശമുണ്ട്. പാപത്തിന്റെ ശമ്പളം മരണമാണ്. എങ്കിലും ഇപ്പോൾ ഞാൻ മരിക്കുന്നില്ല, ആത്മഹത്യയും ചെയ്യുന്നില്ല.

എന്റെ വേല എല്ലാം പൂർണ്ണമായി തികച്ച് എനിക്ക് സൽഗുണപൂർണ്ണതയിൽ, പൂർണ്ണവിശ്വാസത്തിൽ യേശുവിനോളം വളർന്നതിനുശേഷം മാത്രമേ ഞാൻ ഇവിടെ നിന്ന് പോകൂ. കർത്താവ് എന്നെ വിളിക്കുമ്പോൾ മാത്രമേ ഞാൻ ഇവിടെ നിന്ന് പോകൂ. കർത്താവ് എന്നെ വിളിക്കുന്നത് കാലതികവിങ്കൽ, രക്ഷ പൂർത്തിയിലാണ്. വേല തികച്ചിട്ടേ വിളിക്കുകയുള്ളു. അപ്പോൾ ആത്മഹത്യ ചെയ്യാനും അസമയത്ത് കൊല്ലാനും പിശാച് ശ്രമിക്കുമ്പോൾ, മരണദൂതൻ പലകാര്യങ്ങൾ പറഞ്ഞ് നമ്മുടെ അടുത്ത് വരും. നിന്നെ ഇപ്പോൾ കൊല്ലുമെന്നു പറയും. അത് ശരിയായിരിക്കും, ഞാൻ പാപിയല്ലേ, എന്നാൽ എന്റെ യേശു എനിക്കുവേണ്ടി മരിച്ചിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഇപ്പോൾ മരിക്കുന്നില്ലായെന്നു പറയണം. മരണതുല്ല്യമായ രോഗം വരുമ്പോൾ, മരണതുല്ല്യമായ അപകടം വരുമ്പോൾ, എന്റെ കാര്യങ്ങൾ തീർന്നിട്ടില്ല, എനിക്ക് ചെറിയ പാപമോചനം കിട്ടിയതേയുള്ളു. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയതേയുള്ളു. എന്നാൽ പാപത്തിന് പരിഹാരം വരണമെങ്കിൽ, ഞാൻ ചെയ്ത പാപപാമ്പുകൾ തിന്നുകൊഴുത്തു കിടക്കുകയാണ്. അതിനെ തൽക്കാലത്തേക്ക് ഒന്ന് മയക്കി മാററി ഇട്ടിരിക്കുന്നു.

അതിന്റെ തല ചതച്ചതിനുശേഷം, വാലേൽ പിടിച്ച് സമുദ്രത്തിലേക്ക് എറിയുന്ന ഒരു ശുശ്രൂഷയുണ്ട്. അതുവരെ എനിക്ക് സംരക്ഷണം വേണം. അതുവരെ ഞാൻ കർത്താവിൽ മറയും. അപ്പോൾ നമുക്ക് പാപമോചനം ലഭിച്ചാൽ കർത്താവിന്റെ കുപ്പായത്തിനുള്ളിൽ മറഞ്ഞിരിക്കാൻ സാധിക്കും. അപ്പോൾ പിശാചിന് നമ്മളെ കൊല്ലാൻ കഴിയുകയില്ല. യേശു പറയും, 'ഞാൻ ഇവരെ നീതികരിച്ചിരിക്കുകയാണ്, ഞാൻ ഇവർക്ക് പാപമോചനം കൊടുത്തിരിക്കുകയാണ്. അവരുടെ ശിക്ഷ ഞാൻ ഏററു കഴിഞ്ഞു. അവരെ തൊട്ടുപോകരുത്. കാണരുത് എന്ന് കരുതി കർത്താവിന്റെ ഉള്ളിൽ മറയാൻ സാധിക്കും. അതുകൊണ്ടാണ് അത്യൂന്നതന്റെ മറവിൽ വസിക്കുന്നവരുടെ കൂടാരത്തിന് ഒരു ബാധയും അടുക്കകയില്ലായെന്നു പറയുന്നത്. അപ്പോൾ നമുക്ക് ഏതെങ്കിലും ബാധ വരുന്നതിന്റെ അർത്ഥം, നാം അത്യൂന്നതന്റെ മറവിൽ 100% മറഞ്ഞിട്ടില്ലായെന്നാണ്, മറ ചോദിച്ചിട്ടുമില്ല. മറ ചോദിക്കേണം. പാപം മോചിച്ചാൽ മാത്രം പോരാ, മറയും കൂടി വേണം. ആ മറ എപ്പോൾ വേണമെങ്കിലും പൊളിയാൻ സാധ്യതയുണ്ട്. ആയതിനാൽ മറ താങ്ങി വേണം, മറമുടക്കികളെ മാററുകയും വേണം. മറമുടക്കികളെ മാററി മറ താങ്ങിയെ എന്നും നിർത്തിക്കോണം. ഏതെങ്കിലും കേസ്സുകൾ പറഞ്ഞ് മറ താങ്ങിയെ തള്ളി മാററി കയറി വരാൻ പിശാച് പുറകെ നടക്കുകയാണ്. അതുകൊണ്ടാണ് പാപമോചന പ്രാർത്ഥന ആവർത്തിക്കുന്നത്, വിശുദ്ധ കുമ്പസാരം ആവർത്തിക്കുന്നത്. പ്രാർത്ഥനകളും യാമപ്രാർത്ഥനകളും വിശുദ്ധ കുർബ്ബാനയും എല്ലാ ആവർത്തിക്കേണം. ഇത് ആവർത്തിക്കുന്നത് എല്ലാം പുതുക്കാൻ വേണ്ടിയാണ്.

ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടുന്ന മറ പൊളിഞ്ഞുപോയെങ്കിൽ വീണ്ടും വയ്ക്കണം. എവിടെ പോയാലും പോകുന്നതിന് മുമ്പ് മറ ഉണ്ടോയെന്നു നോക്കണം. അത് ഇല്ലാതെ പോയാൽ വഴിയിൽ വെച്ച് മരണദൂതൻ കയറി പിടിക്കും. അങ്ങനെയാണ് വഴിയിൽ വെച്ച് അപകടമുണ്ടാകുന്നത്. അസമയത്ത്, അസ്ഥാനത്ത് അകാലമൃത്യൂവിന് കാരണമാകുന്നത്, മറയില്ലാത്ത സഞ്ചാരം കൊണ്ടാണ് എന്നും മറയുണ്ടോയെന്നു നോക്കിയിട്ടേ പോകാവൂ. മറയുണ്ടെങ്കിൽ കർത്താവ് തന്നെ നമുക്കുവേണ്ടി പ്രാർത്ഥിക്കും. എന്നാൽ തിന്മയ്ക്കു എന്തെങ്കിലും അവകാശമുണ്ടെങ്കിൽ മറയില്ലാതെ പോയാൽ അപകടം സംഭവിക്കും. സമയത്തിന് മുമ്പ് അകാലമരണം ഉണ്ടാകാതിരിപ്പാൻ വേണ്ടി മറ വേണം. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയതിനുശേഷം തലയായ ക്രിസ്തുവിനോളം വളരുന്ന കാര്യം എഫെസ്യർ 4-ാം അദ്ധ്യായത്തിൽ എഴുതിയിട്ടുണ്ട്. 4-ാം അദ്ധ്യായത്തിൽ 11 മുതൽ 15 വരെയുള്ള വാക്യങ്ങൾ.

മറ ഇടയ്ക്കു തട്ടിപോയാൽ വളർച്ച മുരടിച്ചു പോകും, ഒന്നാം നൂററാണ്ടു മുതൽ ഈ മർമ്മം മനസ്സിലാക്കാതെ കിടക്കുകയായിരുന്നു. അതുകൊണ്ട് സഭയ്ക്കു ഇതുവരെ പൂർണ്ണതയിൽ വളരാൻ കഴിഞ്ഞിട്ടില്ല. എല്ലാവരും തലയാകുന്ന ക്രിസ്തുവിനോളം വളരണം. എങ്കിൽ മാത്രമേ വലിയ പിശാചാകുന്ന പാമ്പിനെ ഇല്ലാതാക്കി പ്രശ്നം തീർക്കാൻ കഴിയും. അതുകൊണ്ട് നാം ഓരോരുത്തർ ചെയ്തുകൂട്ടിയ പാപങ്ങൾ നമ്മളെകൊണ്ട് തീർപ്പിക്കും. എല്ലാവരും കൂടി ചെയ്ത പാപങ്ങൾക്ക് പരിഹാരമായി എല്ലാവരും കൂടി ചേർന്നാണ് പാപപാമ്പിനെ സമുദ്രത്തിലേക്ക് വലിച്ചെറിയാൻ പോകുന്നത്. കല്യാണം കഴിഞ്ഞ് മണവാട്ടിയെകൊണ്ട് ഒരു ചവിട്ടും ഒരു ഏറും കൊടുക്കും. അപ്പോൾ മണവാളനും മണവാട്ടിയും കൂടി പ്രശ്നം പരിഹരിച്ചു എന്ന ഖ്യാതി കിട്ടും. യേശു ചെയ്ത വേല നമ്മളെകൊണ്ട് ചെയ്യിപ്പിക്കാൻ നാം യേശുവിനോളം വളരണം. യേശുവിന്റെ തോളിനോട് ഒപ്പം നമ്മുടെ തോളും വളരണം. അതുവരെ ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയ ആ മറ മാത്രമെയുള്ളു. ശുദ്ധീകരണവും വീണ്ടെടുപ്പിന്റെ വേലയും അങ്ങനെ തുടർന്നുകൊണ്ടിരിക്കും

അവസാനം അതിന്റെ വളർച്ച പൂർത്തിയായി കഴിഞ്ഞു മാത്രമേ തല പറയുമ്പോൾ കാൽ ചവിട്ടിയാൽ പാപപാമ്പിന്റെ തലയിലെ കൊള്ളൂ. അതിനുവേണ്ടി പ്രത്യേക ആയുധം ധരിച്ചുകൊണ്ടുവേണം അത് ചെയ്യുവാൻ. ഇരുപത്തിയൊന്നാം നൂററാണ്ട് ആയിട്ടും ഈ വേലയ്ക്കു പ്രായപൂർത്തിയായവർ കുറച്ചുമാത്രമേയുള്ളു. ഈ ഇരുപത്തിയൊന്നാം നൂററാണ്ടിലാണ് ഈ മർമ്മങ്ങൾ വെളിപ്പെട്ടുവരുന്നത്. മുദ്രപൊട്ടി വന്ന സന്ദേശങ്ങളാണിത്. ഇത് ശരിക്കും നാം പ്രയോജനപ്പെടുത്തിയെങ്കിലെ തലയാകുന്ന ക്രിസ്തുവിനോളം വളർന്നിട്ട് ഒന്നിച്ചുചെയ്യേണ്ടതായ കാര്യങ്ങൾ / പണികൾ ഉണ്ട്. കൈയും കാലും തനിച്ച് ചെയ്യേണ്ടതായ കാര്യങ്ങൾ ഉണ്ട്. എല്ലാ അവയവങ്ങളും ചേർന്ന് ചെയ്യേണ്ടതായ കാര്യങ്ങൾ ഉണ്ട്. അതെല്ലാം ഇനിയും ബാക്കി ഉണ്ട് എന്ന കാര്യം ഓർക്കണം. എഫെസ്യർ 4 ന്റെ 15–ാം വാക്യത്തിൽ ക്രിസ്തുവാകുന്ന തലയോളം സകലത്തിലും വളരാൻ ഇടയാകും. എത്രത്തോളം വളർന്ന് എന്ന് അന്വേഷിച്ചിട്ടുണ്ടോ? നമ്മുടെ അകത്തെ മനുഷ്യൻ വീണ്ടും ജനിച്ചശേഷം ക്രിസ്തുവാകുന്ന തലയോളം വളരുന്നത് എത്ര ശതമാനം ആയി എന്ന് എന്നും അന്വേഷിക്കേണം. അതിനുവേണ്ടി അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകർ, ഇടയന്മാർ, ഉപദേഷ്ടക്കന്മാർ ഇവരുടെ ശുശ്രൂഷ നമുക്ക് കിട്ടിയാൽ മാത്രമേ പൂർണ്ണവളർച്ച ലഭിക്കുകയുള്ളു. ഇവരെ നാം പ്രയോജനപ്പെടുത്തുന്നുണ്ടോ?

അവരുടെ കൂട്ടാഴ്മയിൽ മാത്രമേ അത് പൂർണ്ണമാക്കാൻ കഴിയുകയുള്ളു. ആരാധനയിൽ ഇവരെ എല്ലാവരെയും ദൈവം വരുത്തി തരും. സഭയാകുന്ന നമ്മുടെ ശരീരത്തിന്റെ വളർച്ചയ്ക്കും ദൈവം അംഗീകരിച്ചിരിക്കുന്ന ആരാധനസ്ഥലത്ത് വരുത്തി അവരെകൊണ്ട് വേല ചെയ്പ്പിക്കും. അതുകൊണ്ടാണ് ഒരിക്കലും ആരാധന മുടക്കരുത് എന്നു പറയുന്നു. പിതാക്കന്മാർ ആർജ്ജിച്ച അനുഭവം നമ്മുടെ ആക്കുവാൻ നമ്മൾ ഒരുങ്ങുകയാണ്. കർത്താവിന്റെ ശരീരത്തിന്റെ ഒരു ഭാഗമായി, കർത്താവിന്റെ അസ്ഥിയും മാംസവുമായി മാറി. ജന്മസാഫല്യം അണയുവാൻ നമ്മൾ ശ്രമിക്കുകയാണ്. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടുന്ന ഭാഗ്യാവസ്ഥയിൽ പാപത്തെ നമ്മുടെ കാലിന്റെ കീഴിൽ ചതച്ചുകളയുന്നു എന്നു പറയുന്ന ആ വാഗ്ദത്തം നമ്മുടെ സ്വന്തമായി തീരുന്നതുവരെ നമ്മളെ ആ മറവിൽ സൂക്ഷിക്കപ്പെടണമെന്ന കാര്യം നാം അറിഞ്ഞിരിക്കണം. റോമർ 16:20 ൽ ' സാത്താനെ വേഗത്തിൽ നമ്മുടെ കാലിന്റെ കീഴിൽ ചതച്ചുകളയും' അങ്ങനെ ചതച്ചുകളയുന്ന പാപത്തെയും തിന്മയെയും ഭൂതങ്ങളെയും എല്ലാം സമുദ്രത്തിലേക്ക് വലിച്ചെറിയുമെന്ന് മീഖായുടെ പുസ്തകത്തിൽ നാം പഠിച്ചു. ഈ വലിയ പ്രത്യാശയോടെയാണ് നാം സഭാജീവിതം നയിച്ചുകൊണ്ടിരിക്കുന്നത്.

ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടുന്ന ആ ഭാഗ്യാവസ്ഥയിലാണ് ഈ വേലകൾ എല്ലാം നടക്കുന്നത്. ചിലപ്പോൾ ഈ മറ അങ്ങ് പോകും. അറ താങ്ങിയ്ക്കു പകരം മറ മുടക്കി വരും. അപ്പോൾ നമ്മുടെ എല്ലാ പാപങ്ങളും പിശാചിന് കാണാൻ കഴിയും. അപ്പോൾ അവൻ നമ്മളോട് കേസ്സ് ചാർജ്ജ് ചെയ്തു. നമ്മളെ കൊല്ലാനോ ബന്ധിക്കാനോ തടവിലാക്കാനോ ഉള്ള സാഹചര്യം ഉണ്ടെന്നു ഓർമ്മിപ്പിക്കുന്നു. അപ്പോൾ നാം ചെയ്തുകൂട്ടിയതായ പാപങ്ങൾക്ക് തൽക്കാലം ഒരു ജാമ്യം മാത്രമാണ് ഇപ്പോൾ ഈ മറയിലൂടെ ലഭിക്കുന്നത്. ക്ഷമ കിട്ടി കഴിഞ്ഞാൽ നാം കർത്താവിന്റെ ഭാഗത്തായി. യേശു ആകുന്ന വക്കീൽ നമുക്കുവേണ്ടി വാദിക്കും, ജാമ്യം നിൽക്കും. കർത്താവിന്റെ ഉള്ളിൽ മറച്ചുവയ്ക്കും. പിന്നെ പിശാചിന് നമ്മളെ കാണാൻ സാധിക്കുകയില്ല. നമ്മൾ കർത്താവിന്റെ അകത്തായിരിക്കും. മനുഷ്യരും പിശാചും കാണുന്നത് ദൈവത്തെ മാത്രം ആയിരിക്കും. അപ്പോൾ ഒരു കേസ്സും നമ്മുടെ മേൽ ചുമത്താൻ കഴിയുകയില്ല. എന്തെങ്കിലും പഴയകാര്യങ്ങൾ പറഞ്ഞുകൊണ്ടുവന്നാൽ യേശു പറയും അത് ആൾ എന്നോട് ഏററുപറഞ്ഞു. ഞാൻ അതിന് പരിഹാരം വരുത്തി, നീ പോകാൻ പറയും. നമ്മുടെ വിശ്വാസപ്രമാണം ചൊല്ലി, ഞാൻ പാപിയാണെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ ഗുണമാണിത്. ഒരു പുരോഹിതൻ വിശുദ്ധ കുർബ്ബാന അർപ്പിക്കുമ്പോഴും ഈ മറ പുതുക്കി പുതുക്കി വയ്ക്കുകയാണ്.

തന്റെയും ജനങ്ങളുടെയും പാപങ്ങൾ വഹിച്ചുകൊണ്ടാണ് വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നത്. അതിനാണ് വിലയേറിയ കാപ്പ ധരിച്ചുകൊണ്ട് ചെയ്യുന്നത്. എന്റെ വസ്ത്രം അല്ല, ഇത് കർത്താവ് സഭയ്ക്കു തന്നിരിക്കുന്ന വസ്ത്രമാണ്. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടുന്ന ഭാഗ്യാവസ്ഥയിൽ വിശുദ്ധ വസ്ത്രം ധരിച്ച് യഹോവയെ ആരാധിക്കേണം എന്ന വചനപ്രകാരം 29–ാം സങ്കീർത്തനത്തിൽ ആ വിശുദ്ധ അലങ്കരമാണ് ധരിച്ചിരിക്കുന്നത്. അത് നമ്മൾക്ക് എല്ലാവർക്കും ലഭിക്കേണം. എല്ലാവർക്കും വേണ്ടിയാണ് അത് ഒരാൾ അണിഞ്ഞു കാണിക്കുകയെന്നു മാത്രം. എത്രയും വിശുദ്ധമായ എത്രയും വിലയേറിയ വസ്ത്രം അണിഞ്ഞുകൊണ്ടു വരുന്നതിന്റെ അർത്ഥം, കർത്താവ് എനിക്ക് ഇതുപോലെ വസ്ത്രമായി തീരുമെന്നാണ്. നമുക്ക് കർത്താവിനാൽ പൊതിയപ്പെട്ട് ഈ ലോകത്തിൽ ജീവിക്കാൻ കഴിയുന്നതാണ് ജ്യാമത്തിലുള്ള ജീവിതം. എത്ര വലിയ കുററം ചെയ്താലും ജ്യാമത്തിൽ ഇറങ്ങി കിട്ടിയാൽ, ജ്യാമത്തിൽ ഇറക്കിയ ആളിന്റെ മറയിലാണ് ആ ആൾ നിൽക്കുന്നത്. എപ്പോൾ വിളിച്ചാലും ജാമ്യക്കാരൻ അയാളെ കോടതിയിൽ കൊണ്ടുവരും, ആ വ്യവസ്ഥയിലാണ് വിട്ടിരിക്കുന്നത്, അല്ലെങ്കിൽ രണ്ടുപേരെയും പിടിക്കും.

അപ്പോൾ ഈ വ്യവസ്ഥ, നമ്മൾ പാപിയാണെന്ന് സമ്മതിച്ചാൽ, പാപിയുടെമേൽ വരാൻ സാധ്യതയുള്ള അറസ്ററുകളും ബന്ധനങ്ങളും ജയിലുകളും എല്ലാം യേശു ഏറെറടുത്തുകൊണ്ട് നമുക്ക് കർത്താവിൽ മറഞ്ഞിരുന്നതുകൊണ്ട് കേസ്സുകൾ തീർക്കാൻ സാധിക്കും. സ്വർഗ്ഗക്കോടതിയിൽ കർത്താവ് നമുക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട്, നമ്മുടെ എല്ലാ പാപങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരം വരുത്തുവാനായിട്ട് കൃപായുഗം നമുക്ക് അനുകൂലമാണെന്ന് ഓർമ്മിപ്പിച്ചിരിക്കുന്നു. പക്ഷേ അനുകൂലമായ ഈ കാലാവധി എപ്പോൾ വേണമെങ്കിലും തീർന്നുപോകാം. കർത്താവിന്റെ മണവാട്ടി സഭയിലേക്ക് കർത്താവ് കരുതിയിരിക്കുന്ന അവസാനത്തെ വ്യക്തികൂടി കർത്താവിന്റെ അകത്ത് കയറി കഴിഞ്ഞാലുടൻ അത് അടയും. പിന്നെ നമ്മുടെ സകലപാപങ്ങളും തുറന്നുകിടക്കും. എല്ലാവരുടെയും പേരിൽ കേസ്സ് വരും. കല്യാണത്തിന് പോകാതെ ശേഷിക്കുന്ന ബുദ്ധിയില്ലാത്ത കന്യകമാർ അലഞ്ഞുഒഴഞ്ഞു നടക്കേണ്ടിവരും. അവർക്ക് എണ്ണ കിട്ടുകയില്ല, എണ്ണ പിന്നെ കിട്ടിയാൽ ദീപം കത്തിച്ചാൽ ഒരു പ്രയോജനവുമില്ല, ആരും ഇല്ല. ലോകം പിന്നെ പിശാചിന്റെ കൈയിൽ ആയിരിക്കും. എല്ലാവരുടെയും പാപം എല്ലാവർക്കും കാണാൻ കഴിയും. കാണുന്നവർ കാണുന്നവർ ഉടനെ ന്യായവിധിയും നടത്തും. ഒരു സ്വസ്ഥതയും ഉണ്ടാകില്ല.

ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടാത്ത അവസ്ഥയിലും അന്യോന്യം ന്യായവിധി നടത്തുന്ന രീതിയിലാകും. എവിടെപോയാലും അസ്വസ്ഥത ആയിരിക്കും. എല്ലാവർക്കും അവർക്കുതോന്നിയതുപോലെ വക്കീലും ജഡ്ജിയും ഒക്കെ ആകും. ഇത് കർത്താവും കർത്താവിനുള്ളവരും പോയി കഴിഞ്ഞപ്പോൾ ഇവിടെ സംഭവിക്കാൻ പോകുകയാണ്. ഇപ്പോൾ കർത്താവും കർത്താവിനുള്ളവരും ഇവിടെ ഉള്ളതുകൊണ്ടാണ്, ദൈവത്തിന്റെ കൃപയും പ്രകാശവും, ആ വലിയ സംരക്ഷണവും നോട്ടവും ഉള്ളതുകൊണ്ടാണ് നമുക്ക് ഇപ്പോൾ സ്വസ്ഥതമായി ഇരിക്കാൻ കഴിയുന്നത്. എന്നാൽ ഈ ലോകത്തിൽ ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടാത്തവർ അനേകർ ഉണ്ട്. അവർ അവിശ്വാസികളാണ്. അവർ പാപം ഏററുപറഞ്ഞിട്ടില്ല. അവർ സ്വന്തം പാപങ്ങൾ മറെച്ചുകൊണ്ടു നടക്കുകയാണ്. നമ്മൾ പാപം ചെയ്താൽ, പാപം ചെയ്യിക്കുന്ന പിശാച് നമ്മുടെ പാപങ്ങൾ മറച്ചുതരും. അതിന് പ്രത്യേക മന്ത്രം ഉണ്ട്. കുററം ചെയ്താൽ ആരും കണ്ടുപിടിക്കാതിരിക്കാൻ വേണ്ടി അതിന് പ്രത്യേക മന്ത്രം ഉണ്ട്. പാപമറ എന്നാണ് അതിന്റെ പേര്. ഒത്തിരി ചിലവാണ് അതിന്, അങ്ങനെയാണ് വലിയ കള്ളന്മാർ വിലസുന്നത്. കള്ളന്മാർ കളവ് ചെയ്യുന്നതിന് മുമ്പ് മന്ത്രവാദികളെ കാണും. അതിന്റെ ഒരു തുക മന്ത്രവാദികൾക്കും ഒരു തുക മററ് ആരാധനശക്തിയ്ക്കും കൊടുക്കാമെന്ന് പറഞ്ഞാണ് അവർ വിലസുന്നത്. ഇങ്ങനെ പാപം ചെയ്താൽ മറച്ചുകൊടുക്കുന്ന പരിപാടികൾ ഉണ്ട്.

അതുകൊണ്ട് ഈ ലോകത്തിൽ പാപികളും പാപങ്ങളും ഇങ്ങനെ പെരുകികൊണ്ടിരിക്കുകയാണ്. പാപം ചെയ്താൽ മറച്ചുവയ്ക്കാനും പാപിയെ കാണാതിരിക്കാനും പിശാച് വയ്ക്കുന്ന ഒരു മറയുണ്ട്, അവന്റെ സംരക്ഷണയിൽ ആയിരിക്കും. അവൻ കത്തുന്നതുവരെ അവന്റെ മറയിൽ പോകാൻ സാധിക്കും. അവൻ കത്താനുള്ള ആളാണ്. അതുകൊണ്ട് കർത്താവിന്റെ മറ വേണോ? കത്താനുള്ള സാത്താന്റെ മറ മതിയോ? പാപം ചെയ്തുകഴിഞ്ഞാൽ പാപി തന്നെ മറയുണ്ടാക്കും. പാപം ചെയ്യുന്നതിൽ അല്ല, അത് കണ്ടുപിടിക്കുന്നതിലാണ് അവർക്ക് വിഷമം. പാപം ചെയ്യാൻ ഒരു മടിയുമില്ല, കണ്ടുപിടിക്കുമ്പോൾ അവരുടെ ഭാവവും വിധവും മാറുന്നു. പാപം ചെയ്തിട്ടു അത് മറച്ചുവയ്ക്കാനുള്ള വിദ്യ പാപി ചെയ്തുകൊണ്ടിരിക്കും. അങ്ങനെ പാപി തന്നെ പാപത്തിന് ഒരു മറ ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. പക്ഷേ അത് വേഗം പൊളിഞ്ഞു പോകും, അധികം നിലനിൽക്കുകയില്ല, പാപി തന്നെ പാപിയെ മറയ്ക്കാൻ ശ്രമിക്കും.

ഏദൻതോട്ടത്തിൽ ആദാവും ഹവ്വായും പാപം ചെയ്തിട്ട് എവിടെ പോയി? അവർ ഒളിച്ചിരിക്കുകയാണ്. ദൈവത്തെ കാണാതിരിക്കാൻ തന്നെത്താൻ ഒളിപ്പിടങ്ങൾ കണ്ടിട്ട് അത്തിയില കുത്തിതുന്നി ഒരു മറ ഉണ്ടാക്കിയെങ്കിലും, കർത്താവ് അത് കണ്ടുപിടിക്കുന്നു. ഇങ്ങനെ ഒരു വിഫലശ്രമം, പാപം ചെയ്താൽ അത് മറയ്ക്കാൻ ഒരു വിഫലശ്രമം, പാപം ചെയ്തിട്ട് പിശാച് കൊടുക്കുന്ന ഒരു മറ, ഇതെല്ലാം പൊളിഞ്ഞുപോകും. അത് അധികം നാൾ നിലനിൽക്കുകയില്ല. അതിന്റെ ഇടയിലാണ് അവർ ഇങ്ങനെ വിലസിക്കൊണ്ടിരിക്കുന്നത്. എന്നാൽ നാം പാപികളാണെന്ന് സമ്മതിച്ചുകഴിഞ്ഞാൽ, കർത്താവ് നമുക്ക് ഒരു മറ തരും. കർത്താവിന്റെ മറയിൽ കർത്താവ് നമുക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കും. ജാമ്യം തന്നുകൊണ്ടിരിക്കും. അപ്പോൾ നമുക്ക് കർത്താവിന്റെ കൃപകളും കൃപാവരങ്ങളും അനുഗ്രഹങ്ങളും ഏററുവാങ്ങി കർത്താവിന്റെ തണലിൽ കർത്താവിന്റെ കൃപാവരങ്ങളിൽ, കർത്താവിന്റെ സംരക്ഷണവലയത്തിൽ നമ്മൾക്ക് പൂർണ്ണതയിലേക്ക് വളരാൻ സഹായിക്കും. കൃപായുഗം തീർന്നു കഴിഞ്ഞാൽ പിന്നെ ഈ പരിപാടിയില്ല. അതുകൊണ്ടാണ് ഒന്നും പ്രവൃത്തിച്ചുകൂടാത്ത രാത്രി വരുന്നുയെന്നു പറയുന്നത്. ആ രാത്രി വരുന്നതിന് മുമ്പ് നീതിയിൽ സൂര്യനായ കർത്താവിന്റെ ആ പ്രകാശം അവിടെയുള്ള കാലത്ത് എത്രയും വേഗം പാപത്തിന് പരിഹാരം വരുത്തിയേക്കണം. അങ്ങനെ പാപമോചനം, പാപപരിഹാരം, ശുദ്ധീകരണം, ശക്തീകരണം, കേസ്സ് തീർക്കൽ ഇതെല്ലാം കഴിഞ്ഞ് നീതിയുടെ കുപ്പായം ധരിച്ചുകൊണ്ട്, നാം ദൈവസന്നിധിയിൽ കർത്താവിന്റെ കല്യാണമണ്ഡപത്തിൽ എത്തേണ്ടവരാണ് എന്നു ഓർമ്മിപ്പിക്കുന്നു.

ഇങ്ങനെ ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയതായ അവസ്ഥയിൽ, നമ്മുടെ അകത്ത് ഒളിച്ചിരിക്കുന്ന പാപം കളിയാക്കുന്ന സമയമുണ്ട്, അത് അറിഞ്ഞിരിക്കണം. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയാലും പാപം അകത്തിരിപ്പുണ്ട്. കുപ്പായത്തിനകത്ത്, പുരോഹിതന്മാരുടെയും തിരുമേനിമാരുടെയും കുപ്പായത്തിനകത്ത് മനുഷ്യൻ ഉണ്ട്. പാപിയും മനുഷ്യനും അകത്തിരിപ്പുണ്ട്. അത് ഒന്നു മറച്ചുവച്ചിരിക്കുന്നുയെന്നു മാത്രമേയുള്ളു. അത് കുറെക്കാലം കഴിയുമ്പോൾ നമ്മളെ കളിയാക്കാൻ തുടങ്ങും, പരിഹസിക്കാൻ തുടങ്ങും. അവന്റെ വഴിയിലേക്ക് വലിച്ചിഴക്കാൻ സാധ്യതയുണ്ട്. അങ്ങനെയാണ് റോമർ 7–ൽ ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവർ, പാപത്തിന് പരിഹാരം വരുത്തുവാൻ കർത്താവിനോട് സഹകരിച്ചിട്ട്, നമ്മളെ പാപം ചെയ്യിപ്പിച്ച പിശാചിനെ ചവിട്ടുവാനും വലിച്ചെറിയുവാനും ഒക്കെ ഒരുങ്ങിയിരുന്ന് തയ്യാറായില്ലെങ്കിൽ കർത്താവ് മറ അങ്ങ് മാററും.

അപ്പോൾ പിശാച് കയറി പിടിക്കും, നമ്മളെ പരീക്ഷിക്കും. നമ്മളെ ശോധന ചെയ്യും. നമ്മൾ തോററതിൽ ജയിക്കുമോ എന്നറിയാൻവേണ്ടി ചിലപ്പോൾ കർത്താവ് വിട്ടുകൊടുക്കും, സ്വർഗ്ഗകോടതിയിൽ പോകും. ഒത്തിരിക്കാലം ഇങ്ങനെ മറ വെച്ചാൽ സാത്താന് കലി മൂക്കും. സ്വർഗ്ഗകോടതിയിൽ പോയി ഒരു അപേക്ഷ കൊടുക്കും. 'ഇങ്ങനെ പൊത്തിപൊതിഞ്ഞ് കൊണ്ടിരിക്കുന്നതുകൊണ്ടാണ് അവൻ വിലസുന്നത്' ഇങ്ങോട്ടു ഒന്നു വിട്ടുതരാൻ പറയും. ഇയ്യോബിന്റെ പുസ്തകത്തിൽ ഇത് പറയുന്നുണ്ട്. ഇയ്യോബിന് ചുററും വേലികെട്ടിയതുകൊണ്ടാണ് അവൻ ഇങ്ങനെ നടക്കുന്നത്. വേലി പൊളിച്ച് അവനെ ഇങ്ങോട്ടു വിട്ടുതരിക എന്ന് പറഞ്ഞ് ഇയ്യോബിനെ പരീക്ഷിക്കാൻ വിട്ടുകൊടുത്തതുപോലെ, ദൈവത്തിന്റെ മക്കളെ ജാമ്യത്തിൽ നിന്ന് വിടുവിച്ചിട്ട് പിശാചിന്റെ മുമ്പിലേക്ക് വിട്ടുകൊടുക്കും. നാം പഠിച്ചു ധ്യാനിച്ച ദൈവവചനങ്ങൾ എല്ലാം ഓർത്ത് ദൈവത്തിൽ ആശ്രയിക്കുമെന്ന് അറിയാൻ വേണ്ടിയാണ്, അതിനാണ് പരീക്ഷയെന്നു പറയുന്നത്. പരീക്ഷയുടെ സമയത്ത് മാറി നിൽക്കും. കർത്താവും കാണില്ല, മാലാഖയും കാണില്ല.

നമ്മുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കുകയും അരുത്, നമ്മളെതന്നെ മരിച്ചിട്ടു ജീവിക്കുന്നവരായും നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചുകൊൾവിൻ. പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു. നമ്മൾ പരീക്ഷിക്കുന്ന പിശാചിന്റെ മുമ്പിൽ നിൽക്കണം. അതിനുവേണ്ടി അവൻ പോയി അനുവാദം വാങ്ങിയ്ക്കും. അനുവാദമില്ലാതെ പരീക്ഷ ഉണ്ടാകില്ല. അപ്പോൾ നാം എപ്പോഴെങ്കിലും പരീക്ഷിക്കപ്പെട്ടാൽ വിചാരിക്കേണം, മാലാഖ അടുത്ത് ഇല്ല, കർത്താവ് മാറി നിൽക്കുകയാണ്, നോക്കി നിൽക്കുകയാണ്. കൂടെയുള്ളത് പരീക്ഷകൻ ആണ്. നമ്മൾ വചനം അനുസരിച്ച് പ്രവർത്തിക്കുമോ എന്നറിയാൻ വേണ്ടിയാണ്. അത് നമ്മളെ തോൽപ്പിക്കാനല്ല, ജയിപ്പിക്കാനാണ്, പ്രമോഷൻ നൽകാനാണ്. നമ്മൾ ജയിക്കുമെന്ന് ഉറപ്പുള്ളപ്പോൾ മാത്രമേ പരീക്ഷ ദൈവം അനുവദിക്കുകയുള്ളു. നാം എഴുതിയെടുത്ത് ധ്യാനിക്കുന്ന വേദവാക്യങ്ങൾ, സകലതും കർത്താവും പിശാചും കാണുന്നുണ്ട്. അതെല്ലാം ഓർത്തു ചെയ്യുമോയെന്ന് എനിക്ക് ഒന്ന് അറിയണമെന്ന് പിശാച് വാദിക്കും, എന്ന് പറഞ്ഞ് പരീക്ഷിക്കാൻ അനുവാദം വാങ്ങി വരുമ്പോൾ കർത്താവ് മാറും, എല്ലാവരും മാറും. പരീക്ഷഹാളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന് കയറാൻ സാധിക്കുമോ?

ട്യൂഷൻ മാസ്ററററിന് കയറാൻ പററുമോ? അവരെല്ലാം വെളിയിലാണ്. പരീക്ഷഹാളിൽ പരീക്ഷ എഴുതുന്ന ആൾ മാത്രമേയുള്ളു. ഇതുപോലെ നാം അനേകം നാൾ ദൈവത്തിന്റെ കൃപാവലയത്തിൽ സംരക്ഷിക്കപ്പെട്ടു കഴിയുമ്പോൾ, പിശാച് പോയി ദൈവസന്നിധിയിൽ നിന്ന് അനുവാദം വാങ്ങിയാണ് പരീക്ഷക്കപ്പെടുന്നത്. അപ്പോഴാണ് നമുക്ക് വീഴ്ചയും താഴ്ചയും ഉണ്ടാകുന്നത്. മാലാഖ താങ്ങികൊള്ളുമെന്നാണ് പറയുന്നത്. വീണുപോയെങ്കിൽ, അതിന്റെ അർത്ഥം, അന്നേരം മാലാഖ ഇല്ലായിരുന്നു എന്നാണ്. എപ്പോൾ എങ്കിലും നാം കാൽതെററി വീണെങ്കിൽ, എപ്പോൾ എങ്കിലും നമ്മുടെ തല ഇടിച്ചെങ്കിൽ, അതിന്റെ അർത്ഥം, മാലാഖ മാറിയിട്ട് പരീക്ഷകൻ അടുത്തു നിൽക്കുന്നു എന്നാണർത്ഥം. ഞാൻ ഏതോ വചനം തെററിച്ചോ? വചനങ്ങൾ ഓർക്കുമോ എന്നുള്ള പരീക്ഷണമാണ്. ഇങ്ങനെ നാം ഒററയ്ക്കു പരീക്ഷഹാളിൽ ആയിരിക്കുന്ന സമയം വരും. അത് നമ്മളെ കൊള്ളാവുന്നവരാക്കാനുള്ളതാണ് എന്ന് അറിഞ്ഞിരിക്കേണം. അപ്പൊസ്തലനായ പൗലൊസ് ദമസ്ക്കോസിൽ വെച്ച് യേശുവിനെ കണ്ടതുമുതൽ ‘ഇനിയും ഞാൻ ജീവിക്കുന്നില്ല, നീ എന്നിൽ ജീവിച്ചോളാൻ’ പറഞ്ഞു. കർത്താവിന്റെ അകത്തേക്ക് അങ്ങ് കയറി, അവർ അങ്ങോട്ടും ഇങ്ങോട്ടും വസിക്കാൻ തുടങ്ങി. അങ്ങനെ കർത്താവിന്റെ ഉള്ളിൽ മറഞ്ഞിരുന്ന പൗലൊസിന്റെ പാപങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കാൻ വേണ്ടി അവിടെ മൂന്നു ദിവസം ഉപവാസം എടുക്കേണ്ടി വന്നു.

അതിനുശേഷം അപ്പൊസ്തലന്മാരുടെ അടുത്തുപോയി കുമ്പസാരിക്കേണ്ടിവന്നു. പത്രൊസിന്റെ അടുത്തുപോയി കുമ്പസാരിച്ചിട്ടുണ്ട്. ‘ഞാൻ ഒത്തിരി നാൾ നിങ്ങളെ വിഷമിപ്പിച്ചതാണ്, ക്ഷമിക്കണമെന്ന് പറഞ്ഞിട്ടുണ്ട്, പ്രായശ്ചിത്തവും ചെയ്തിട്ടുണ്ട്. അങ്ങനെ അറേബ്യയിൽ പോയി തപസ്സുചെയ്ത സമയത്താണ് ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയ അവസ്ഥയിൽ, ഒററയ്ക്കിരിക്കുമ്പോൾ മാത്രമേ നമ്മുടെ തനിനിറം നമ്മെ കാണിക്കുകയുള്ളു, പരീക്ഷയ്ക്കാൻ വേണ്ടിയാണ്, നമ്മുടെ അശുദ്ധികൾ വെളിയിൽ കളയാൻ വേണ്ടിയാണ്, മരുഭൂമിയിലേക്ക് പോകുന്നത്. മരുഭൂമിയിലേക്ക് ഒററപ്പെട്ടു കൊണ്ടു പോകുന്നത്, മറച്ചുവെച്ചിരിക്കുന്നത് അധികം നാൾ മറയ്ക്കാൻ പററത്തില്ല. അതിനെ ആരും കാണാതെ മരുഭൂമിയിൽ മറവുചെയ്യാനാണ് നമ്മെ ഒററപ്പെട്ട സ്ഥലത്തേക്ക് ആനയിക്കുന്നത്. ആശുപത്രിയിൽ പോകേണ്ടിവരിക, ഒററപ്പെടേണ്ടി വരിക, ഇതെല്ലാം സുവർണ്ണാവസരങ്ങൾ ആണ്. മറച്ചുവയ്ക്കുന്നതിനെ സമുദ്രത്തിലേക്ക് വിടാനോ മരുഭൂമിയിൽ മറയ്ക്കാൻ ആണ് ദൈവം നമ്മെ ഒററപ്പെടുത്തിയത് എന്ന് വിചാരിക്കേണം. അത് വലിയ ഭാഗ്യമാണ്, അതിനുവേണ്ടി പ്രാർത്ഥിക്കേണം.

കാരണം എന്നും ഇങ്ങനെ നമ്മുടെ ഉള്ളിൽ മറച്ചുവച്ചുകൊണ്ട് നടക്കാൻ പററുമോ? എല്ലാ ദിവസവും നാം രുചികരമായി കഴിക്കുന്ന ആഹാരത്തിൽ നിന്ന് വേണ്ടതു എടുത്തു കഴിഞ്ഞാൽ വേണ്ടാത്തത് വൻകുടലിൽ കിടപ്പുണ്ട്. അധികനേരം അത് കൊണ്ടുനടക്കാൻ പററുമോ? അത് ആരും കാണാതെ വിധം മറയ്ക്കണം, കളയണം. മരുഭൂമിയിൽ നാം ആരും കാണാതെ നമ്മുടെ അശുദ്ധികൾ നീക്കികളയണം. അതിനായി ഏകാന്തതകളും മരുഭൂമിയുടെ അനുഭവവും രോഗങ്ങളും ഒററപ്പെടലുകളും പ്രയോജനപ്പെടുത്തേണം. ഇത് എത്രപേർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്? അപ്പൊസ്തലനായ പൗലൊസ് അറേബ്യയിൽ പോയി തപസ്സുചെയ്തപ്പോൾ, അറേബ്യയിൽ വിശാലമായ മരുഭൂമിയാണ്. കർത്താവ് നാൽപത് ദിവസം നടന്നതായ മരുഭൂമി, ഇസ്രായേൽക്കാർ നാൽപത് വർഷം നടന്നതായ മരുഭൂമി. നമ്മൾക്ക് മരുഭൂമി ഇല്ലെങ്കിൽ ഉള്ളടത്തേക്ക് പോകുമോ? മരുഭൂമി വിളിച്ചു വരുത്തുകയോ ചെയ്യേണം. അത് വരുമ്പോഴെങ്കിലും പ്രയോജനപ്പെടുത്തികൂടെ? സന്ന്യാസിമാർ കൃത്രിമമായി മരുഭൂമി ഉണ്ടാക്കുന്നവരാണ്. മരുഭൂമിയുടെ ഈ അനുഭവം ഒരിക്കൽ നമ്മളെ തേടിവരുന്ന സമയം വരും, അത് ഒത്തിരിനാൾ കഴിഞ്ഞായിരിക്കും. അന്നേരം നമുക്ക് അത് പ്രയോജനപ്പെടുത്താൻ കഴിയുന്ന അവസ്ഥ ആയിരിക്കില്ല.

ഇങ്ങനെ പലതും നമ്മളെ തേടിവരും. എന്നാൽ നമ്മൾക്ക് വേണ്ടിയ സ്ഥലത്ത് നമ്മൾ പോകേണ്ടിവരും. എത്രയും നേരത്തെ നാം ദൈവസന്നിധിയിൽ പോകാമെങ്കിൽ, മരുഭൂമി കൃത്രിമമായി ഉണ്ടാക്കാം. അതാണ് നോമ്പും ഉപവാസവും പ്രാർത്ഥനയും മൗനവും. കൃത്രിമമായി കൃത്രിമമായി ഉണ്ടാക്കാം. എനിക്ക് ആരെയും കാണേണ്ട, ഞാൻ ആരോടും മിണ്ടുന്നില്ല, എനിക്ക് മാറിയിരിക്കണം എന്ന് പറയുന്നത് മറഞ്ഞിരിക്കുന്ന അശുദ്ധികളും പാപങ്ങളും കേസ്സുകളും ആരും കാണാതെ മരുഭൂമിയിൽ മറവുചെയ്തിട്ട് ശുദ്ധിയായി മടങ്ങിവരാൻ വേണ്ടിയാണ്. ഈ ഒരു ഉൾക്കാഴ്ച നമുക്ക് വേണം. അതുകൊണ്ട് ആരും നമ്മെ നിർബന്ധിക്കുന്നതിന് മുമ്പ് എല്ലാ വർഷവും നോമ്പുകാലം, ഉപവാസത്തിന്റെ കാലം, മൗനത്തിന്റെ കാലം, പ്രാർത്ഥനയുടെ സമയം ആരും കാണാതെ മറഞ്ഞിരിക്കാമെങ്കിൽ, ആരെയും കാണിക്കാതെ കർത്താവ്, നമ്മുടെ അശുദ്ധികൾ മറവുചെയ്യാനുള്ള സൗകര്യങ്ങൾ ആത്മീയമണ്ഡലത്തിൽ ഉണ്ട്. അങ്ങനെ നാം ശുദ്ധിയുള്ളവരായിട്ട് നമുക്ക് മാന്യമായി എവിടെയും ജീവിക്കാൻ സാധിക്കുമെന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു.

മരുഭൂമിയിൽ ആയിരുന്നപ്പോൾ പൗലൊസിന് ഉണ്ടായ ചില അനുഭവങ്ങളാണ്, ചില ഉൾക്കാഴ്ചകളാണ് റോമർ 7 ൽ നാം വായിക്കുന്നത്. 7ന്റെ 14 മുതൽ, അങ്ങനെ ലംഘനം ക്ഷമിച്ചും പാപം മറച്ചുകിട്ടിയാലും നമ്മുടെ ശരീരം ഇതുവരെയും വീണ്ടെടുക്കപ്പെട്ടിട്ടില്ല.. നമ്മുടെ ശരീരം പാപത്തിലും അശുദ്ധിയിലും എല്ലാം വിധേയമായി ഈ ലോകത്തിൽ ഇപ്പോഴും ഞരങ്ങികൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല. ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നത് അത്രേ ചെയ്യുന്നത്. ഞാൻ ഇച്ഛിക്കാത്തത് ചെയ്യുന്നതോ ന്യായപ്രമാണം നല്ലതാണെന്നു സമ്മതിക്കുന്നു. അപ്പോൾ നമ്മളിൽ പാപം വസിക്കുന്ന ഒരു അനുഭവം. ആത്മനിറവ് ഉണ്ടായിരുന്ന പൗലൊസിന് പോലും താൻ മരുഭൂമിയിൽ മാറിയിരുന്നപ്പോൾ തനിക്ക് മനസ്സിലായി താൻ ഒരു പാപി തന്നെയാണെന്ന്. ദൈവം എനിക്ക് ജാമ്യം തന്നു, എന്റെ പ്രാണനെ യേശുവിന്റെ ഉള്ളിൽ ആക്കിയിരിക്കുന്നു. എന്റെ ശരീരത്തിൽ ഇപ്പോഴും അശുദ്ധിയുണ്ട്. എന്റെ ശരീരം ആദാമിന്റെയും ഹവ്വായുടെയും ശരീരമാണ്. അവരുടെ ശാപം നമ്മുടെമേൽ ഉണ്ട്. അവരുടെ സ്വഭാവം എന്റെ രക്തത്തിൽ കിടപ്പുണ്ട്. അത് തക്കം കിട്ടിയാൽ പുറത്തേക്ക് ഇറങ്ങി ചാടി വരും. അത് മറ മാററിയാൽ നമ്മുടെ തനിനിറം പുറത്തുവരും. കർത്താവേ, ആ മറ മാററല്ലേ, എന്നെ കാത്തുകൊള്ളണെയെന്ന് പ്രാർത്ഥിക്കേണം.

എപ്പോഴെങ്കിലും പിശാച് മറ മാററാൻ സാധ്യതയുണ്ട്. നമ്മൾ തന്നെ ആ മറ എടുത്തു കളഞ്ഞിട്ട് പോകാൻ സാധ്യതയുണ്ട്. ഈ സമയത്താണ് പരീക്ഷകൾ വരാൻ സാധ്യതയുള്ളത്. ആയതിനാൽ നാം സ്വന്തഇഷ്ടപ്രകാരം ഒന്നും ചെയ്യരുത്. എല്ലാം കർത്താവിനോട് ചോദിച്ചിട്ട് ചെയ്യാമെങ്കിൽ, കർത്താവ് എവിടെ വിട്ടാലും ഒരു മറവെച്ചു മാത്രമേ വിടുകയുള്ളു. തന്നെ സ്വയത്തിൽ ആശ്രയിച്ചു പോകുകയാണെങ്കിൽ ചിലപ്പോൾ മറയില്ലായിരിക്കും. അപ്പോൾ വീണെന്നിരിക്കും. ഈ ബോധ്യം നമുക്ക് വേണം. അറേബ്യയിൽ പോയി തപസ്സ് ചെയ്തപ്പോൾ പൗലൊസ് പറയുന്നത്, ഇങ്ങനെ ഒരു കാര്യം എനിക്ക് മനസ്സിലായി. അതുകൊണ്ട്, എന്നിൽ ജഢത്തിൽ നന്മ വസിക്കുന്നില്ലായെന്നു ഞാൻ അറിയുന്നു. ആ അറിവ് നമ്മൾക്ക് ഉണ്ടോ? പരസ്പര വിരുദ്ധമായ പ്രമാണത്തിൽ നാം ഞെരുങ്ങുകയാണ്, തിങ്ങുകയാണ്. ഈ ശരീരം കൂടി വീണ്ടെടുക്കപ്പെട്ട് ഉയിർത്തെഴുന്നേററ് യേശുവിന്റെ അടുത്ത് ചെന്നാൽ മാത്രമേ ഈ പ്രശ്നം തീരുകയുള്ളു. നമ്മുടെ ആത്മാവ് യേശുവിന്റെ ഉള്ളിലായി, വീണ്ടെടുക്കപ്പെട്ട പ്രാണൻ യേശുവിന്റെ മാറിൽ ആയി. പക്ഷേ ശരീരം ഞരങ്ങികൊണ്ട് നടക്കുകയാണ്, ആ ഞെരുക്കം നാൾതോറുമുള്ള കുരിശാണ്.

ആ കുരിശിന്റെ ഇടയിൽ, മറച്ചുവയ്ക്കുന്നത് പോകുന്നതിനായി കർത്താവ് നമുക്ക് ഒററപ്പെട്ട സാഹചര്യങ്ങൾ തരും. എന്തിനാണ് ICU യിൽ കയററുന്നത്? അന്നേരം അവിടെ ആരും കാണില്ല. മരുന്ന് കുത്തിവെച്ചിട്ട് അവർ അങ്ങ് പോകും. ഈ അവസരങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തണം. കർത്താവ് മറച്ചുവയ്ക്കുന്ന പാപങ്ങൾ ഇതിലൂടെ കളയാൻ പറയണം. ഏതായാലും ആശുപത്രികാർക്ക് പണം കൊടുക്കേണം, അവർ ഇതുകൂടി വഹിക്കേണം. യേശു നമ്മളെ രക്ഷിക്കാൻ വന്നതുകൊണ്ട് താൻ മനുഷ്യജാതിയുടെ പാപങ്ങൾ വഹിക്കേണ്ടണ്ടിവന്നു. യേശു നമ്മളെ രക്ഷിക്കാൻ വന്നതുകൊണ്ട് താൻ മനുഷ്യജാതിയുടെ പാപങ്ങൾ വഹിക്കേണ്ടി വന്നു, ശാപം വഹിക്കേണ്ടി വന്നു. അതിനെ ചുമന്നുനടക്കേണ്ടി വന്നു. ആയതിനാൽ ഏകാന്തതയും മരുഭൂമിയും രോഗവും എല്ലാം നല്ലതാണ്. ഇതെല്ലാം നമ്മളിൽ മറഞ്ഞിരിക്കുന്നതിനെ കളഞ്ഞിട്ട് പുതുമയോടെ പ്രവർത്തിക്കാൻ നല്ലതാണെന്ന് ഓർക്കണം. പൗലൊസ് അറേബ്യയിൽ പോയിരുന്നാണ് ഈ കാര്യങ്ങൾ എല്ലാം പഠിച്ചത്. .

ഈ ഒരു ഉൾക്കാഴ്ച നമുക്ക് കിട്ടിയാൽ, നാം നിരാശപ്പെടാതെ, എല്ലാ അനുഭവങ്ങളെയും പ്രയോജനപ്പെടുത്തി, അങ്ങനെ ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ ഭാഗ്യാവസ്ഥ പുതുക്കി, പാപപാമ്പിനെ നമ്മുടെ കൈകൊണ്ട് വലിച്ചെറിയാൻ അവസരങ്ങൾ വരും. പിശാച് നമ്മെ പരീക്ഷിക്കാൻ വരുമ്പോൾ കർത്താവ് നോക്കും, നമ്മൾ വളർന്നിട്ടുണ്ടെങ്കിൽ, 'നീ ഒന്ന് നോക്ക്, ഞാൻ വിട്ടുതന്നിരിക്കുകയാണ്' എന്നു പറയുമ്പോൾ സാത്താൻ വിചാരിക്കും, സാത്താന് നമ്മെ തോൽപ്പിക്കാമെന്ന്. പക്ഷേ, കർത്താവിന് അറിയാം കർത്താവ് നമ്മുടെ അകത്ത് ഇരുന്നുകൊണ്ട് സാത്താനെ തോൽപ്പിക്കാമെന്ന്. സാത്താൻ എടുക്കുന്ന ആയുധം കൊണ്ടു തന്നെ അവന്റെ തല ചതയ്ക്കും. വാലേൽ പിടിച്ച് എറിയാൻ പറയും. നമ്മുടെ എല്ലാവരുടെയും കുടുംബത്തിലേയും വീട്ടിലെയും നാട്ടിലെയും സമൂഹത്തിലെയും സഭയിലെയും ഇടവകയിലെയും അനേക പാപപാമ്പുകളെ കർത്താവ് മാററിയിട്ടിരിക്കുകയാണ്. എന്നെങ്കിലും ഒരിക്കൽ പാപവും തമ്മിൽ കണ്ടുമുട്ടും. ഒരിക്കൽ പരാജയപ്പെട്ടതിൽ വിജയിക്കാൻ അവസരം തന്നിരിക്കും. ദാവീദും ഊരിയാവിന്റെ ഭാര്യയും ഈ സംഭവത്തെ കൂടുതൽ വിശദമാക്കുന്നു. അനേക വർഷങ്ങൾ തന്റെ പാപത്തെ ഓർത്ത് കരഞ്ഞ് കരഞ്ഞ് പാപത്തെ ജയിക്കുന്ന അവസ്ഥയുണ്ട്. താൻ പാപത്തിൽ വീണതായ അതേ സാഹചര്യം കൃത്രിമമായി ദൈവം ഉണ്ടാക്കികൊടുത്തു. അവിടെ ദാവീദ് പാപം ചെയ്യാതെ അതിനെ ജയിച്ച കാര്യം നാം ഓർക്കണം, അത് രാജാക്കന്മാരുടെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

പാപം ചെയ്യാൻ അവസരങ്ങൾ ഉണ്ടായിട്ടും സാഹചര്യങ്ങൾ ഉണ്ടായിട്ടും കഴിവു ഉണ്ടായിട്ടും വേണ്ടായെന്നു വയ്ക്കുന്നതാണ് ജയം. അങ്ങനെ അവസരം കിട്ടാതെ പാപം ചെയ്യാതിരുന്നാൽ എന്താണ് കാര്യം. അതുകൊണ്ട് ഇപ്പോൾ പാപം മറച്ചുവെച്ച് നമ്മെ ഒഴിവാക്കും. അവസാനം ഇതെല്ലാം നമുക്ക് തിരികെ കിട്ടും. ദൈവം തന്നെ നമ്മുടെ മുമ്പിൽ കൊണ്ടുവന്നു തരും, ജയിക്കാൻ വേണ്ടിയാണ്. ഇങ്ങനെ പരാജയപ്പെട്ടതിൽ ജയിക്കുന്നതിന് നമുക്ക് അവസരങ്ങൾ ദൈവം തരും. അങ്ങനെ ദാവീദ് ദൈവവിളിയുള്ള മനുഷ്യനായി ഉയർന്നു. തന്റെ പാപങ്ങൾ എല്ലാം ഏററുപറഞ്ഞ് അനേകനാൾ കരഞ്ഞു. തന്റെ ജീവിതത്തിൽ വന്ന നഷ്ടങ്ങളും കഷ്ടങ്ങളും വ്യാകുലങ്ങളും വേദനകളും സങ്കടങ്ങളും താൻ ശിരസ്സാവഹിച്ച് സ്വർഗ്ഗക്കോടതിയുടെ വിധിയാണെന്നു സമ്മതിച്ചു. അതിനെയെല്ലാം ഏററുകഴിഞ്ഞപ്പോൾ, താൻ തോററ വിഷയത്തിൽ എല്ലാം ജയിച്ചതിനുശേഷം, കർത്താവായ യേശുക്രിസ്തു മുഖാന്തരം ജയം എന്നു സ്തോത്രം പാടികൊണ്ട് ദൈവവിളി പ്രകാരമുള്ള മനുഷ്യനായി, താൻ ഈ ഭൂമിയിൽ നിന്ന് ജയിച്ചുപോയതുകൊണ്ടാണ്, ദാവീദിന്റെ സന്തതിയായി യേശു വന്നത്. ആ ദാവീദിന്റെ സന്തതിയായി പാപത്തെ ജയിച്ച ദാവീദിന്റെ കൊച്ചുമകനായി ലോകത്തിൽ ജീവിച്ചതുകൊണ്ടാണ് മഗ്ദലമറിയത്തെ കൊണ്ട് നടന്നിട്ട് പാപം ചെയ്യാതെ ജീവിച്ചത്, പലരും തെററ് ധരിച്ചു, കർത്താവ് കാണിച്ചുതരികയാണ്. താൻ മുപ്പത്തിമൂന്ന് വയസ്സ് ഉള്ള ചെറുപ്പക്കാരൻ, താൻ പാപത്തെ ജയിക്കാനും ജയിപ്പിക്കാനും വന്നതാണ്. പാപത്തെ ജയിച്ച ആൾക്ക് മാത്രമേ പാപത്തെ ജയിപ്പിക്കാൻ കഴിയൂ.

അതിനാണ് മഗ്ദലമറിയത്തെ ശുദ്ധീകരിച്ച് ജീവിതം കൊടുത്ത് കൂടെകൊണ്ടു നടന്നുകാണിച്ചു കൊടുത്തു. യേശുക്രിസ്തു പാപത്തെ ജയിക്കുകയും പാപിയെ ജയിപ്പിക്കുകയും ചെയ്തു. തന്റെ വല്യപ്പനായ ദാവീദിനെ ആദ്യം ജയിപ്പിച്ചു കാണിച്ചു. ദാവീദിന്റെ സന്തതിയായ യേശുക്രിസ്തു ആണ് നമ്മുടെ മണവാളൻ. അവൻ പാപത്തെ ജയിച്ചവനാണ്, ആ ജയം നമുക്ക് വേണോ?

30-06-2012 ലും 05-07-2012 ലും സങ്കേതഭവനത്തിൽ അഭിവന്ദ്യ പോൾ റമ്പാച്ചൻ നടത്തിയ ധ്യാനപ്രസംഗത്തിൽ നിന്ന്….